# മഹാത്മാഗാന്ധി സർവ്വകലാശാല

## (സംഗ്രഹം)

സ്കൂൾ ഓഫ് മാനേജ്മെന്റ് & ബിസിനസ്സ് സ്റ്റഡീസിലെ ബോർഡ് ഓഫ് സ്റ്റഡീസ് യോഗത്തിന്റെ ശിപാർശകളും, സി.എസ്.എസ് റെഗുലേഷൻസ് 2016-ന് അനുസൃതമായി പുതുക്കിയ എം.ബി.എ., എം.ഫിൽ (ബിസിനസ്സ് സ്റ്റഡീസ്) എന്നീ പ്രോഗ്രാമുകളുടെ സിലബസ്, സ്കീം, റെഗുലേഷൻസും അക്കാദമിക് കൗൺസിൽ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### അക്കാദമിക് എ5 വിഭാഗം

സ.ഉ.നം.5727/എ5/1/എസ്.എം.ബി.എസ്./2017/അക്കാദമിക് പി.ഡി.ഹിൽസ്, തീയതി: 25.09.2017

---

സൂചന:- 1) 26.05.2017 -ൽ കൂടിയ സ്കൂൾ ഓഫ് മാനേജ്മെന്റ് & ബിസിനസ്സ് സ്റ്റഡീസിലെ ബോർഡ് ഓഫ് സ്റ്റഡീസ് യോഗം.

2) 14.08.2017-ന് കൂടിയ പ്രത്യേക അക്കാദമിക് കൗൺസിൽ യോഗത്തിന്റെ മിനിട്സ് ഇനം. നം.78/AC17/17269

## ഉത്തരവ്

സ്കൂൾ ഓഫ് മാനേജ്മെന്റ് & ബിസിനസ്സ് സ്റ്റഡീസിലെ ബോർഡ് ഓഫ് സ്റ്റഡീസ് യോഗം സൂചന (1) പ്രകാരം കൂടി താഴെപ്പറയുന്ന ശിപാർശകൾ സമർപ്പിച്ചു.

(1) എം.ബി.എ (ഫുൾടൈം) പ്രോഗ്രാമിൻെറ റഗുലേഷൻസും സ്കീമും സിലബസും, പുതുക്കിയ സി.എസ്.എസ്. റഗുലേഷൻസ് 2016-ന് അനുസൃതമായി പരിഷ്കരിക്കുന്നതിനും 2017-19 അഡ്മിഷൻ മുതൽ പ്രാബല്യത്തിൽ വരുത്തുന്നതിനും ശിപാർശ ചെയ്തു.

(2) പുതുക്കിയ സി.എസ്.എസ്. റഗുലേഷൻസ് 2016 പ്രകാരം 4 സെമസ്റ്ററുകളുള്ള ബിരുദാന്തര ബിരുദ പ്രോഗ്രാമുകൾക്ക് അനുവദിക്കാവുന്ന ആകെ ക്രെഡിറ്റുകൾ '88' ആണ്. എന്നാൽ ഇതിൽ നിന്നും വിഭിന്നമായി, കേരളത്തിലെ പ്രൊഫഷണൽ കോളേജുകളിലെ 'Admission Supervisory Committee' യുടെ ശിപാർശകൾ പ്രകാരം എം.ബി.എ പ്രോഗ്രാമിൻെറ ആകെ ക്രെഡിറ്റുകൾ 90 മുതൽ 120 വരെയാണ്. അതിനാൽ പ്രസ്തുത 'Admission Supervisory Committee' യുടെ ശിപാർശകളും വ്യവസ്ഥകളോടും യോജിച്ചു പോകുന്നതിനായി നിർദ്ദിഷ്ട എം.ബി.എ പ്രോഗ്രാമിൻെറ ആകെ ക്രെഡിറ്റുകൾ 100 ആക്കുവാൻ യോഗം ശിപാർശ ചെയ്തു.

(3) എം.ബി.എ പ്രോഗ്രാമിൻെറ റഗുലേഷൻസിൽ കേരളത്തിലെ പ്രൊഫഷണൽ കോഴ്സുകൾക്കുള്ള 'Admission Supervisory Committee' യുടെ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തുവാൻ ബോർഡ് ഓഫ് സ്റ്റഡീസ് യോഗം തീരുമാനിച്ചു. CMAT/CAT/KMAT, Group Discussion, Personal Interview എന്നിവയിൽ 80:10:10 എന്ന അനുപാതത്തിൽ സ്കോർ നൽകി, പ്രസ്തുത സ്കോറിൻെറ അടിസ്ഥാനത്തിൽ എം.ബി.എ (ഫുൾടൈം) പ്രോഗ്രാമിന് അഡ്മിഷൻ നൽകുന്നതിനു ശിപാർശ ചെയ്തു. കൂടാതെ എം.ബി.എ പ്രോഗ്രാമിന് അഡ്മിഷൻ നേടുന്നതിനുള്ള അടിസ്ഥാന യോഗ്യതാ പരീക്ഷയുടെ അവസാന സെമസ്റ്റർ ഫലം പുറത്തു വരാത്ത വിദ്യാർത്ഥികളെ, എം.ബി.എ പ്രോഗ്രാമിൻെറ ആദ്യ സെമസ്റ്റർ പരീക്ഷ തുടങ്ങുന്നതിന് മുൻപായി അടിസ്ഥാന യോഗ്യതാ പരീക്ഷയുടെ സർട്ടിഫിക്കറ്റും മാർക്ക് ലിസ്റ്റുകളും സമർപ്പിച്ചു കൊള്ളാമെന്ന നിബന്ധനയുടെ അടിസ്ഥാനത്തിൽ അഡ്മിഷൻ നൽകുവാൻ യോഗം ശിപാർശ ചെയ്തു.

(4) എം.ഫിൽ ഇൻ ബിസിനസ് സ്റ്റഡീസ് (ഫുൾടൈം) പ്രോഗ്രാമിൻെറ റഗുലേഷൻസും സ്കീമും സിലബസും, പുതുക്കിയ സി.എസ്.എസ്. റഗുലേഷൻസ് 2016-ന് അനുസൃതമായി പരിഷ്കരിക്കുന്നതിനും 2017-18 അഡ്മിഷൻ മുതൽ പ്രാബല്യത്തിൽ വരുത്തുന്നതിനും ശിപാർശ ചെയ്തു.

സ്കൂൾ ഓഫ് മാനേജ്മെന്റ് & ബിസിനസ്സ് സ്റ്റഡീസിലെ ബോർഡ് ഓഫ് സ്റ്റഡീസ് യോഗത്തിന്റെ മേൽ ശിപാർശകളും സി.എസ്.എസ് റെഗുലേഷൻസ് 2016-ന് അനുസൃതമായി പുതുക്കിയ എം.ബി.എ., എം.ഫിൽ (ബിസിനസ്സ് സ്റ്റഡീസ്) എന്നീ പ്രോഗ്രാമുകളുടെ സിലബസും, സ്കീമും, റെഗുലേഷൻസും ബഹു: വൈസ് ചാൻസലറുടെ ഉത്തരവിന്മേൽ അക്കാദമിക് കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചു.

14.08.2017-ന് കൂടിയ പ്രത്യേക അക്കാദമിക് കൗൺസിൽ യോഗം സൂചന (2) പ്രകാരം സ്കൂൾ ഓഫ് മാനേജ്മെന്റ് & ബിസിനസ്സ് സ്റ്റഡീസിലെ ബോർഡ് ഓഫ് സ്റ്റഡീസ് യോഗത്തിന്റെ മേൽ പരാമർശിച്ച ശിപാർശകളും സി.എസ്.എസ് റെഗുലേഷൻസ് 2016-ന് അനുസൃതമായി പുതുക്കിയ സ്കൂൾ ഓഫ് മാനേജ്മെന്റ് & ബിസിനസ്സ് സ്റ്റഡീസിലെ എം.ബി.എ., എം.ഫിൽ (ബിസിനസ്സ് സ്റ്റഡീസ്) എന്നീ പ്രോഗ്രാമുകളുടെ സിലബസും, സ്കീമും, റെഗുലേഷൻസും അംഗീകരിക്കാൻ തീരുമാനിച്ചു. 31.08.2017-ൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിൽ ഈ വിഷയങ്ങൾ സമർപ്പിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
അംബിക ആർ
അസിസ്റ്റന്റ് രജിസ്ട്രാർ III (അക്കാദമിക്)
രജിസ്ട്രാർക്കുവേണ്ടി

**പകർപ്പ്**

1. ഡയറക്ടർ
   സ്കൂൾ ഓഫ് മാനേജ്മെന്റ് & ബിസിനസ്സ് സ്റ്റഡീസ്.
2. വൈസ് ചാൻസിലർ/പ്രോവൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാറുടെ പി.എ.
4. എ.ആർ III /ഡി.ആർ II/ജെ.ആർ II (അക്കാദമിക്)
5. എ.സി.സി./എസി.എ I/സി.എസ്.എസ്./എസി.എ8
6. കണ്ടന്റ് മാനേജ്മെന്റ്/ഐ.ക്യൂ.എ.സി.
7. കരുതൽ ഫയൽ/ഫയൽ പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

File No. Ac.A V | 1 | 5430 | SMBS | 2017